**പതിമൂന്നാം കേരള നിയമസഭ**
ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 294 — 18.02.2013 - ൽ മറുപടിയ്ക്ക്

പച്ചത്തേങ്ങ സംഭരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത്<br>" ഇ. ചന്ദ്രശേഖരൻ<br>" വി. എസ്. സുനിൽ കുമാർ<br>" ചിറ്റയം ഗോപകുമാർ | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണ നടപടികൾ എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ടോ ; | (എ) | പച്ചത്തേങ്ങ സംഭരണ നടപടികൾ സംസ്ഥാനത്ത് പ്രാരംഭപ്രവർത്തനമെന്ന നിലയിൽ കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, പാലക്കാട്, മലപ്പുറം, തൃശൂർ, ആലപ്പുഴ, കൊല്ലം എന്നീ എട്ടു ജില്ലകളിലാണ് ആരംഭിച്ചിരിക്കുന്നത്. |
| (ബി) | പച്ചത്തേങ്ങയ്ക്കു താങ്ങുവില ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ; | (ബി) & (സി) | ഉണ്ട്. പച്ചത്തേങ്ങ സംഭരണം തുടക്കത്തിൽ കിലോക്ക് 14 രൂപ നിരക്കിലാണ് ആരംഭിച്ചത്. ടി നിരക്ക് കുറവായിരുന്നതിനാൽ 2013 ജനുവരി മാസം പകുതി മുതൽ നിരക്ക് ഉയർത്തി കിലോയ്ക്ക് 16 രൂപയാക്കിയിട്ടുണ്ട്. മില്ലിംഗ് കൊപ്രയ്ക്ക് താങ്ങുവിലയായി 5250/Quintal ഉം ഉണ്ടകൊപ്രയ്ക്ക് 5500/Quintal ഉം പ്രഖ്യാപിച്ചിട്ടുണ്ട്. കേരള ഗവൺമെന്റ് മില്ലിംഗ് കൊപ്രയ്ക്ക് 6300/Quintal ഉം ഉണ്ടകൊപ്രയ്ക്ക് 6915/Quintal ഉം താങ്ങുവില ആവശ്യപ്പെട്ടിട്ടുണ്ട്. ബഹു. മുഖ്യമന്ത്രി പച്ചത്തേങ്ങയ്ക്ക് 18 രൂപ കിലോയ്ക്ക് സംഭരിക്കുമെന്ന് സഭയ്ക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. നടപടികൾ നടന്നുവരുന്നു. |
| (സി) | ഈ താങ്ങുവില കുറവാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ പരാതി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | | |

സെക്ഷൻ ഓഫീസർ